ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്ത് സന്ദർശിക്കും; ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will visit Gujarat today; PM will launch various development projects worth Rs 34,200 crore in Bhavnagar.**

2) വോട്ടർപട്ടികയിൽ നിന്ന് ഓൺലൈനായി പേര് നീക്കം ചെയ്യാൻ പൊതുജനങ്ങൾക്ക് സാധിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Election Commission says that the public will not be able to remove their names from the voter list through online.**

3) ഇറാനിൽ നിന്നുള്ള തൊഴിൽ വാഗ്ദാനങ്ങളിൽ പൗരൻമാർ കർശന ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം.

   **The External Affairs Ministry urges citizens to be very careful about job offers from Iran.**

4) ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച് കൊച്ചിയിൽ നടക്കുന്ന

അവലോകന യോഗത്തിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് അധ്യക്ഷത വഹിക്കും.

**Union Minister Rajiv Ranjan Singh will chair a review meeting in Kochi on the development of the fishing sector in Lakshadweep.**

5) ആഗോള അയ്യപ്പസംഗമം ഇന്ന് പമ്പയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

**CM Pinarayi Vijayan will inaugurate the Global Ayyappa Convention in Pampa today.**

6) ഏഷ്യ കപ്പ് ക്രിക്കറ്റ് ഗ്രൂപ്പ്- എയിൽ ഇന്ത്യ, ഒമാനെ 21 റൺസിന് പരാജയപ്പെടുത്തി; സൂപ്പർ 4 മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

**India defeats Oman by 21 runs in Asia Cup Cricket Group-A; Super 4 matches will begin today.**

## BIHAR- PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ബീഹാർ സന്ദർശിക്കും. തീർത്ഥാടന നഗരമായ ഗയ ജിയിൽ വിഷ്ണുപാദ ക്ഷേത്രത്തിൽ പൂജ നടത്തും. രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ജില്ലാ ഭരണകൂടം കർശന സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## PM GUJARAT VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്ത് സന്ദർശിക്കും. 'സമുദ്ര സേ സമൃദ്ധി' പരിപാടിയിൽ പങ്കെടുക്കുന്ന അദ്ദേഹം ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കും. സമുദ്രം, എൽഎൻജി അടിസ്ഥാന സൗകര്യങ്ങൾ, പുനരുപയോഗ ഊർജ്ജം, ദേശീയ പാത, ആരോഗ്യ സംരക്ഷണം, നഗര ഗതാഗതം എന്നീ മേഖലകളുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾക്കാണ് ശ്രീ മോദി തുടക്കം കുറിക്കുക. കച്ചിലെ പൂർണ്ണമായും സൗരോർജ്ജവൽക്കരിച്ച ധോർദോ ഗ്രാമം അദ്ദേഹം വെർച്വലായി സമർപ്പിക്കും. ലോത്തലിലെ ദേശീയ സമുദ്ര പൈതൃക സമുച്ചയവും പ്രധാനമന്ത്രി സന്ദർശിക്കും.

❋❋❋❋❋❋❋❋❋❋❋❋❋

## RAJNATH – INDIA – PAK WAR

ഓപ്പറേഷൻ സിന്ദൂറിലൂടെ ശത്രുക്കൾക്കെതിരെ തിരിച്ചടിക്കാനുള്ള ഇന്ത്യയുടെ ശക്തി പ്രതിരോധ സേന പ്രകടമാക്കിയതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. 1965 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൻറെ 60-ാം വാർഷികം ആചരിക്കുന്ന ചടങ്ങിൽ യുദ്ധ സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

സൈനികർക്ക് ഒരിക്കലും പ്രതിരോധ വിഭവങ്ങളുടെ അഭാവം ഉണ്ടാകാതിരിക്കാൻ കേന്ദ്ര സർക്കാർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

## MEA BRIEFING (INTRO)

ഭീകരതയെ നേരിടാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്താൻ ലോകത്തോട് ആഹ്വാനം ചെയ്ത് ഇന്ത്യ. ഭീകരരും പാക്

ഭരണകൂടവും സൈന്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ലോകത്തിന് അറിയാമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പാക് ഭീകര സംഘടനകളുടെ ഏറ്റവും പുതിയ വീഡിയോകൾ ഇത്തരം ബന്ധമാണ് വ്യക്തമാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. അതിർത്തി കടന്നുള്ള ഭീകരതയെ എല്ലാ രാജ്യങ്ങളും ചെറുക്കണമെന്നും ശ്രീ ജയ്സ്വാൾ പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## EC-DELIST PARTIES

രജിസ്റ്റർ ചെയ്യപ്പെട്ട 474 അംഗീകാരമില്ലാത്ത രാഷ്ട്രീയ പാർട്ടികളെ മാനദണ്ഡങ്ങൾ ലംഘിച്ചതിനെ തുടർന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പട്ടികയിൽ നിന്ന് ഒഴിവാക്കി. തുടർച്ചയായി ആറ് വർഷം ഒരു തിരഞ്ഞെടുപ്പിൽ എങ്കിലും മത്സരിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതിനെ തുടർന്നാണ് നടപടി. കഴിഞ്ഞ മാസം 334 രാഷ്ട്രീയ പാർട്ടികളെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## EC-VOTE DELETION

വോട്ടർപട്ടികയിൽ നിന്ന് ഓൺലൈനായി പേര് നീക്കം ചെയ്യാൻ പൊതുജനങ്ങൾക്ക് സാധിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. കർണാടകയിലെ ആലന്ദിൽ വോട്ടർമാരെ അനധികൃതമായി ഒഴിവാക്കിയിട്ടില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. ഒരു വോട്ടർക്ക് ഫോം 7 ലൂടെ പേര് ഒഴിവാക്കാൻ അപേക്ഷ സമർപ്പിക്കാൻ സാധിക്കും. എന്നാൽ അപേക്ഷ സമർപ്പിച്ചത് കൊണ്ട് മാത്രം പേര് ഒഴിവാക്കില്ലെന്നും കൂടുതൽ നടപടിക്രമങ്ങൾ ഉണ്ടെന്നും കമ്മീഷൻ പറഞ്ഞു.

## MEA-IRAN

ഇറാനിൽ നിന്നുള്ള തൊഴിൽ വാഗ്ദാനങ്ങളിൽ എല്ലാ ഇന്ത്യൻ പൗരന്മാരും കർശന ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം. ഇറാനിൽ വ്യാജ ജോലിവാഗ്ദാനങ്ങൾ നൽകുന്ന നിരവധി കേസുകൾ അടുത്തിടെ ഉണ്ടായിട്ടുണ്ടെന്നും മന്ത്രാലയം നിരീക്ഷിച്ചു. ഇറാനിലെത്തിയ ഇന്ത്യൻ പൗരന്മാരെ ക്രിമിനൽ സംഘങ്ങൾ തട്ടിക്കൊണ്ടുപോയി മോചനദ്രവ്യം ആവശ്യപ്പെടുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിനോദസഞ്ചാര ആവശ്യങ്ങൾക്കായി മാത്രമേ ഇറാൻ സർക്കാർ ഇന്ത്യക്കാർക്ക് വിസ രഹിത പ്രവേശനം അനുവദിക്കുന്നുള്ളൂവെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## LAKSHADWEEP – FISHING

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം ഇന്ന് കൊച്ചിയിൽ നടക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ പങ്കെടുക്കും. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മത്സ്യങ്ങൾ എന്നീ മേഖലകളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക.

## GLOBAL AYYAPPA CONVENTION

തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന ആഗോള അയ്യപ്പസംഗമത്തിൻ്റെ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ സംഗമത്തിൻ്റെ ഉദ്ഘാടനം

നിർവഹിക്കും. മൂവായിരത്തോളം പ്രതിനിധികളാണ് സംഗമത്തിൽ പങ്കെടുക്കുക. മൂന്ന് വേദികളിലായി ശബരിമല മാസ്റ്റർ പ്ലാൻ, ആത്മീയ ടൂറിസം സർക്യൂട്ടുകൾ, ശബരിമലയിലെ തിരക്ക് നിയന്ത്രണവും സജ്ജീകരണങ്ങളും എന്നീ വിഷയങ്ങളിൽ ചർച്ച നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## AYYAPPASANGAM-REACTIONS

തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകരിച്ച് 76 വർഷം പിന്നിട്ട ശേഷമാണ് പ്ലാറ്റിനം ജൂബിലി ആഘോഷത്തിൻ്റെ പേരിൽ അയ്യപ്പ സംഗമം സംഘടിപ്പിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. പത്തനംതിട്ടയിൽ യു.ഡി.എഫ് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ പ്രവർത്തകർക്കും നാമജപ ഘോഷയാത്ര നടത്തിയവർക്കുമെതിരെ എടുത്ത കേസുകൾ പിൻവലിക്കാതെയാണ് അയ്യപ്പസംഗമം നടത്തുന്നതെന്നും അദ്ദേഹം ആരോപിച്ചു. അതേസമയം അയ്യപ്പസംഗമമെന്ന പേരിൽ പമ്പയിൽ നടക്കുന്നത് ഇടതുമുന്നണിയുടെ രാഷ്ട്രീയ സംഗമമാണെന്ന് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി.രമേശ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. അയ്യപ്പസംഗമത്തിന്റെ നടത്തിപ്പിനെക്കുറിച്ച് ഹൈക്കോടതി ചോദിച്ച ചോദ്യങ്ങൾക്കൊന്നും ഉത്തരം പറയാൻ സംസ്ഥാന സർക്കാരിനായിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## BLUE ECONOMY CONCLAVE-KERALA

കേരള സമുദ്ര സമ്പദ് വ്യവസ്ഥയ്ക്ക് ശക്തമായ ഉത്തേജനമേകി കേരള-യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് ന് സമാപനമായി. കോവളത്ത് നടന്ന ദ്വിദിന കോൺക്ലേവിൽ 28 നിക്ഷേപകർ 7,288 കോടി രൂപയുടെ നിക്ഷേപ നിർദ്ദേശങ്ങൾ സമർപ്പിച്ചു. സമ്മേളനം വിജയമായിരുന്നുവെന്നും ഇത് ഇന്ത്യയുടെ

മറ്റ് ഭാഗങ്ങൾക്ക് മാതൃകയായി മാറിയെന്നും സമാപന ചടങ്ങിൽ സംസാരിച്ച മന്ത്രി സജി ചെറിയാൻ പറഞ്ഞു. യൂറോപ്യൻ യൂണിയൻ അംബാസഡർക്കു പുറമേ 18 യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരും പ്രതിനിധികളുമാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

## SEVA PARV (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ ആരോഗ്യ സംരക്ഷണ മേഖല ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(വോയിസ്)

## EVA PARV (VOICE)

( മ്യൂസിക്)

കഴിഞ്ഞ 11 വർഷത്തിനിടയിൽ, ഇന്ത്യയുടെ ആരോഗ്യ സംരക്ഷണ സംവിധാനത്തിൽ വലിയ പരിവർത്തനമാണ് നടപ്പിലാക്കിയത്. ആയുഷ്മാൻ ഭാരത്- പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയിലൂടെ പ്രതിവർഷം ഒരു കുടുംബത്തിന് 5 ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷ നൽകുന്നു. രാജ്യത്തെ താഴെത്തട്ടിലുള്ള ജനങ്ങളെ ലക്ഷ്യം വച്ചുള്ള ഈ പദ്ധതിയിൽ 12 കോടിയിലധികം കുടുംബങ്ങൾ ഉൾപ്പെടുന്നു. 70 വയസ്സിനു മുകളിലുള്ള എല്ലാ വയോധികരെയും ഉൾപ്പെടുത്തി കഴിഞ്ഞ വർഷം ആരംഭിച്ച ആയുഷ്മാൻ വയോ വന്ദന യോജന വലിയൊരു ചുവടുവയ്പ്പായിരുന്നു.

(ബൈറ്റ്- പിഎം )

എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ആരോഗ്യ സംരക്ഷണ

ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി നിരവധി പദ്ധതികൾ ഇതിനോടകം സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

( മ്യൂസിക് )

❁❁❁❁❁❁❁❁❁❁❁❁❁

## GST REFORMS-ELECTRONICS

ചരക്കു സേവന നികുതി പരിഷ്കരണത്തിൽ ഇലക്ട്രോണിക്സ് വ്യവസായരംഗത്തിന് ഗണ്യമായ ഇളവുകളാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത്. ഗാർഹിക ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ജി.എസ്.ടി നിരക്കുകൾ കേന്ദ്രം വെട്ടിക്കുറച്ചു. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, ടെലിവിഷൻ, ടിവി ഇതര മോണിറ്ററുകൾ തുടങ്ങിയവയുടെ നികുതി നിരക്ക് 28 ൽ നിന്ന് 18 ശതമാനമായി കുറച്ചു. പ്രാദേശികവൽക്കരണം പിന്തുണയ്ക്കുന്നതിനൊപ്പം ഇറക്കുമതി ആശ്രയത്വം കുറയ്ക്കുകയും ചെയ്യുന്നതാണ് ഈ സുപ്രധാന നടപടി.

❁❁❁❁❁❁❁❁❁❁❁❁❁

## SPECIAL CAMPAIGN 5.0-MIB

ഓഫീസുകളിലെ ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിനും ജോലിസ്ഥലത്തെ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം സ്പെഷ്യൽ കാമ്പെയ്ൻ 5.0 ആരംഭിക്കും. ഒരു മാസം നീണ്ടുനിൽക്കുന്ന കാമ്പെയ്ൻ ഒക്ടോബർ അവസാനം വരെ തുടരും. റെക്കോർഡ് മാനേജ്മെന്റ്, കാലഹരണപ്പെട്ട വസ്തുക്കളുടെ നിർമാർജനം, ഇ-മാലിന്യങ്ങൾ, ഓഫീസുകളുടെ സൗന്ദര്യവൽക്കരണം എന്നിവയിൽ ശ്രദ്ധ ചെലുത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP

ഏഷ്യ ടി-20 കപ്പ് ഗ്രൂപ്പ്- എയിലെ അവസാന മത്സരത്തിൽ ഇന്ത്യ, ഒമാനെ 21 റൺസിന് പരാജയപ്പെടുത്തി. 189 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഒമാനെ ഇരുപത് ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ കീഴടക്കി. 64 മത്സരങ്ങളിൽ നിന്ന് 100 ടി-20 വിക്കറ്റുകൾ തികച്ച ഏറ്റവും വേഗതയേറിയ പേസർ എന്ന റെക്കോർഡും, ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ ബൗളറുമായി അർഷ്ദീപ് സിംഗ്. സഞ്ജു സാംസണെ കളിയിലെ താരമായി തിരഞ്ഞെടുത്തു.

അതേസമയം, സൂപ്പർ 4 മത്സരങ്ങൾക്ക് ഇന്നു തുടക്കമാകും. ആദ്യ മത്സരത്തിൽ ശ്രീലങ്കയും ബംഗ്ലദേശും ഏറ്റുമുട്ടും. രാത്രി എട്ടിന് ദുബായി ഇൻ്ററർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. നാളെ ഇന്ത്യ പാകിസ്ഥാനെ നേരിടും.